കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 01 | 2023 |
| --- | --- |




ശബരിമല പത്രക്കുറിപ്പ് - 2

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

# ഭക്തിനിർഭരം ഈ താളമേളം

ശബരിമല: ഭക്തിയുടെ ഏക താളത്തിൽ അവർ കൊട്ടിക്കയറി. പതികാലം കടന്ന് മേളം മുറുകിയതോടെ കൂടി നിന്നവരും താളമിട്ടു. വൈക്കം ക്ഷേത്രകലാപീഠം വിദ്യാർഥികളാണ് ശബരിമല സന്നിധാനം പഞ്ചവാദ്യത്തിലൂടെ ഭക്തിനിർഭരമാക്കിയത്.

കൊമ്പ്, ഇലത്താളം, തിമില, ഇടക്ക, മദ്ദളം എന്നിവ സന്നിവേശിപ്പിച്ച് 30 പേരാണ് മേളപ്പെരുമ തീർത്തത്. ഇതോടെ ര ് മണിക്കൂർ ഭക്തർ ആ താളത്തിൽ അലിഞ്ഞ് ചേർന്നു. അജി കൂറ്റുവേലിയാണ് സംഘത്തിന്റെ പരിശീലകൻ. ശബരിമല ക്ഷേത്രത്തിലെ പൂജകൾക്ക് സ്ഥിരമായി മേളം ഒരുക്കുന്ന ഇവർ ബംഗളൂര് വ്യവസായികളായ എൻ ഉണ്ണികൃഷ്ണൻ, രമേഷ് റാവു എന്നിവരുടെ വഴിപാടായാണ് ഞായറാഴ്ച താളപ്പെരുക്കം തീർത്തത്. ഇരുവരും ചേർന്ന് ശബരിമലയിലെത്തിയ 10000 പേർക്ക് സദ്യയും നൽകി.

**ഫോട്ടോ: വൈക്കം ക്ഷേത്രകലാപീഠം വിദ്യാർഥികൾ ശബരിമല സന്നിധാനത്ത് പഞ്ചവാദ്യം അവതരിപ്പിക്കുന്നു**

(പി.ആർ. ശബരി- 223)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.